**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2144** **14-10-2024 - ൽ മറുപടിയ്ക്ക്**

**നഴ്സിംഗ് ഓഫീസർമാരുടെ സ്റ്റാഫ് ഷോർട്ടേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യമേഖലയിലെ നഴ്സിംഗ് ഓഫീസർമാരുടെ സ്റ്റാഫ് ഷോർട്ടേജ് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **ആർദ്രം മാനദണ്ഡമനുസരിച്ച് ആരോഗ്യമേഖലയിൽ ആവശ്യമായ നേഴ്സിംഗ് വിഭാഗം തസ്തികകൾ സർക്കാർ ഘട്ടം ഘട്ടമായി സൃഷ്ടിച്ചുവരുന്നു. ആർദ്രം മിഷൻ പദ്ധതി നിലവിൽ വന്ന 2017 മുതൽ ആരോഗ്യ വകുപ്പിൽ 1196 സ്റ്റാഫ് നേഴ്സ് (നേഴ്സിംഗ് ഓഫീസർ) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അനുവദനീയ തസ്തികകൾക്ക് പുറമെ നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം)/ ഹോസ്പ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി)/പഞ്ചായത്ത് മുഖേന നേഴ്സുമാരെ താത്ക്കാലികമായി നിയമിച്ചുകൊണ്ടും ആവശ്യമായ നഴ്സിംഗ് ഓഫീസർമാരുടെ എണ്ണം ക്രമീകരിച്ചുവരുന്നു.** |
| (ബി) | 1961-ലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനോടൊപ്പം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും റേഷ്യോ പ്രമോഷൻസ് കൃത്യമായി നടപ്പിലാക്കി നിയമനങ്ങൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | **ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി നേഴ്സിംഗ് ഓഫീസർ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. നേഴ്സിംഗ് ഓഫീസർ, നേഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികകൾ തമ്മിലുള്ള 1:1 അനുപാതം ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും പാലിക്കുന്നുണ്ട്. നേഴ്സിംഗ് ഓഫീസർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളെല്ലാം സമയബന്ധിതമായി പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി നിയമന ശിപാർശ നൽകുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നുമുണ്ട്. ആരോഗ്യ വകുപ്പിലെ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ മെഡിക്കൽ കോളേജുകളിലും നേഴ്സിംഗ് വിഭാഗത്തിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ